# ഭോപ്പാൽ വിഷമാലിന്യം: യൂണിയൻ കാർബൈഡിന് ബാധ്യതയില്ലെന്ന് യു.എസ്. കോടതി

**ന്യൂയോർക്ക്:** ഭോപ്പാൽ വിഷവാതക ദുരന്തംമൂലമുണ്ടായ പാരിസ്ഥിതിക ആഘാതത്തിനോ മലിനീകരണത്തിനോ പരിഹാരംകാണേണ്ട ബാധ്യത യൂണിയൻ കാർബൈഡ് കോർപ്പറേഷനോ അതിന്റെ മുൻ ചെയർമാൻ വാറൻ ആൻഡേഴ്സണോ ഇല്ലെന്ന് അമേരിക്കയിലെ കോടതി വിധിച്ചു. തങ്ങൾക്ക് നേരിട്ട മഹാദുരന്തത്തിന് പരിഹാരംതേടി 28 വർഷമായി അലയുന്ന ദുരിതബാധിതർക്ക് കനത്ത തിരിച്ചടിയായി വിധി.

വിഷവാതകച്ചോർച്ചയെത്തുടർന്ന് യൂണിയൻ കാർബൈഡ് പ്ലാന്റിന്റെ പരിസരത്തെ മണ്ണിലും വെള്ളത്തിലും വിഷമാലിന്യം കലർന്നതിന് കമ്പനിയാണ് ഉത്തരവാദി എന്നാരോപിച്ചാണ് ജാനകി ബായി സാഹുവും ദുരിതബാധിതരിൽ ചിലരും യു.എസ്. കോടതിയിൽ കേസ് നൽകിയത്. ഈ കേസ് തള്ളിക്കൊണ്ടാണ് മാൻഹാട്ടനിലെ യു.എസ്. ജില്ലാജഡ്ജി ജോൺ കീനാൻ യൂണിയൻ കാർബൈഡ് കോർപ്പറേഷനെ കുറ്റവിമുക്തമാക്കിയത്.

മധ്യപ്രദേശ് തലസ്ഥാനമായ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഇന്ത്യാ ലിമിറ്റഡിന്റെ പ്ലാന്റിൽനിന്ന് 1984 ഡിസംബർ രണ്ട് പാതിരയ്ക്ക് ചോർന്ന മീതൈൽ ഐസോ സയനേറ്റ് വിഷവാതകം ശ്വസിച്ച് മൂവായിരത്തിലേറെപ്പേരാണ് മരിച്ചത്. എണ്ണായിരത്തിലേറെപ്പേർക്ക് പിന്നീട് ജീവൻ നഷ്ടമായി. കമ്പനിയുടെ പരിസരങ്ങളിൽ ഇപ്പോഴും വിഷമാലിന്യം ദുരിതം വിതയ്ക്കുന്നുണ്ട്. ലോകചരിത്രത്തിലെതന്നെ ഏറ്റവും വലിയ വ്യാവസായികദുരന്തങ്ങളിൽ ഒന്നിന്റെ സാക്ഷ്യങ്ങളായി ഒട്ടേറെപ്പേർ ഇന്നും ജീവിച്ചിരിപ്പുണ്ട്.

മീതൈൽ ഐസോ സയനൈറ്റ് മണ്ണിൽ ആഴ്ന്ന് ഭോപ്പാൽ പ്ലാന്റിന്റെ പരിസരത്തെ മണ്ണും കുടിവെള്ളവും മലിനമായെന്ന് ജാനകി ബായി സാഹുവും പരാതിക്കാരും ആരോപിച്ചു. മാരകമാലിന്യങ്ങൾ കലർന്ന മണ്ണും വെള്ളവുംമൂലം പലരും രോഗബാധിതരായെന്ന് പരാതിക്കാർ ചൂണ്ടിക്കാട്ടി.

യൂണിയൻ കാർബൈഡ് കോർപ്പറേഷന്റെ (യു.സി.സി.) ഉപകമ്പനിയായിരുന്നു ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഇന്ത്യ (യു.സി.ഐ.എൽ.). യു.സി.ഐ.എൽ ആണ് ദുരന്തത്തിന് ഉത്തരവാദിയെന്നും മാതൃസ്ഥാപനത്തിന് അതിൽ പങ്കില്ലെന്നും കോടതിവിധിയിൽ പറയുന്നു. യു.സി.സി.ക്കുവേണ്ടിയാണ് യു.സി.ഐ.എൽ. കീടനാശിനികൾ ഉണ്ടാക്കിയിരുന്നത് എന്നതിന് തെളിവില്ല. ഇക്കാര്യത്തിൽ യു.സി.സി.യുമായി ഏതെങ്കിലുംതരത്തിലുള്ള കരാറുകളിലോ വ്യാപാര ഉടമ്പടിയിലോ യു.സി.സി. ഏർപ്പെട്ടിട്ടില്ല. യു.സി.സിയുടെ പേരിലല്ല, യു.സി.ഐ.എൽ. പ്രവർത്തിച്ചിരുന്നത്. ഈ സാഹചര്യത്തിൽ പരാതിക്കാർ ഉന്നയിക്കുന്ന ആരോപണങ്ങളിൽ, യു.സി.സി.ക്ക് നേരിട്ടോ യു.സി.ഐ.എല്ലിന്റെ ഏജന്റ് എന്നനിലയിലോ ഒരു ബാധ്യതയുമില്ല -ജഡ്ജി കീന വ്യക്തമാക്കി.

ദുരന്തത്തിനുശേഷം ഇന്ത്യയിലെ സർക്കാർ തന്നെ പ്ലാന്റ് അടച്ചുപൂട്ടിയെന്ന് കോടതി പറയുന്നു. 1994-ൽ യു.സി.ഐ.എല്ലിലുണ്ടായിരുന്ന ഓഹരികൾ യു.സി.സി. വിറ്റു. ഈ സമയത്ത് യു.സി.ഐ.എൽ. എവറെഡി ഇൻഡസ്ട്രീസ് ഇന്ത്യാ ലിമിറ്റഡ് (ഇ.ഐ.ഐ.എൽ.) എന്ന് പേര് മാറ്റിയിരുന്നു. 1998-ൽ ഇ.ഐ.ഐ.എൽ. ഭോപ്പാൽ പ്ലാന്റിന്റെ പാട്ടം അവസാനിപ്പിച്ച് പ്ലാന്റും അതുൾപ്പെടുന്ന സ്ഥലവും മധ്യപ്രദേശ് സർക്കാരിന് കൈമാറി. അതിനാൽ, പരാതിക്കാർ ഉന്നയിച്ച ആരോപണങ്ങൾ പരിഹരിക്കേണ്ട ബാധ്യത മധ്യപ്രദേശ് സർക്കാരിനാണെന്നും യു.എസ്. കോടതിയുടെ വിധി പറയുന്നു.

യു.എസ്. ഫാസ്റ്റ്ഫുഡ് ഭക്ഷ്യശൃംഖലയായ കെ.എഫ്.സി. ഉൾപ്പെട്ട കേസിൽ 1998-ൽ വന്ന വിധി കോടതി ചൂണ്ടിക്കാട്ടി. കോർപ്പറേറ്റ് കമ്പനികളുടെ മാതൃകമ്പനി ഉപകമ്പനിയുടെ തീരുമാനമെടുക്കൽ പ്രക്രിയയിൽ ഉൾപ്പെടുകയോ അതിന്റെ നയങ്ങളെ നിയന്ത്രിക്കുകയോ ചെയ്തു എന്ന കാരണത്താൽ ഉപകമ്പനിയുടെ ബാധ്യത ഏറ്റെടുക്കണമെന്നില്ല എന്നാണ് ഈ വിധിയിൽ പറയുന്നത്.

കേന്ദ്രസർക്കാരോ മധ്യപ്രദേശ് സർക്കാരോ മാലിന്യ നിർമാർജനകാര്യത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. യൂണിയൻ കാർബൈഡ് പ്ലാന്റിലെ വിഷമാലിന്യം ഭോപ്പാലിന് 200 കി.മീ. അകലെയുള്ള പീതാംപുർ മാലിന്യപ്ലാന്റിലേക്ക് ജൂലായോടെ നീക്കംചെയ്യണമെന്ന് സുപ്രീം കോടതി ഈ വർഷം മെയിൽ ഉത്തരവിട്ടിരുന്നു.

എന്നാൽ, ഇതിനെ എതിർക്കുന്ന സംസ്ഥാനസർക്കാർ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. മാലിന്യനിർമാർജനം ജർമനി ഏറ്റെടുക്കുന്നുവെന്നും റിപ്പോർട്ടുണ്ടായിരുന്നു. ഇക്കാര്യത്തിലും അന്തിമ തീരുമാനമായിട്ടില്ല.